**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** **11-03-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ വളർന്നു വരുന്നതായി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) കണക്കു പ്രകാരം ട്രാവൽ ആന്റ് ടൂറിസം മേഖലയിൽ 156 സ്റ്റാർട്ടപ്പുകൾ ആണ് നിലവിൽ പ്രവർത്തിക്കുന്നത് . വർഷാവർഷം ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം കൂടിവരുന്നതായാണ് കാണുന്നത് .<br><br>2022 - 24<br><br>2023 - 38<br><br>2024 – 40.<br><br>ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്നോവേഷൻ ഗ്രാന്റ് , സീഡ് ഫണ്ടിംഗ് , ഫണ്ട് ഓഫ് ഫണ്ട്സ് , തൊഴിലിടവും അനുബന്ധ സൗകര്യങ്ങളും തുടങ്ങിയ എല്ലാ പദ്ധതികളും കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. ഇതിനുപുറമെ ടൂറിസം പദ്ധതികളിൽ സ്റ്റാർട്ടപ്പുകളുമായി യോജിച്ചു പ്രവർത്തിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പ്രസ്തുത സ്റ്റാർട്ടപ്പുകളുമായി യോജിച്ച് പ്രവർത്തിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് സ്റ്റാർട്ടപ്പുകളുമായി യോജിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | മേല്പറഞ്ഞ പദ്ധതികൾക്ക് പുറമെ ടൂറിസം വകുപ്പുമായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവെക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് .<br><br>I കാരവൻ ടൂറിസം<br><br>II വർക്കേഷൻ അല്ലെങ്കിൽ സ്റ്റാർട്ടപ്പ് പോഡുകൾ |

| | | | |
|---|---|---|---|
| | | | III പരിസ്ഥിതി സൗഹൃദ ശുചിത്വ സംവിധാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സുസ്ഥിര പരിഹാരങ്ങൾ നടപ്പിലാക്കുക.<br><br>IV വിനോദ സഞ്ചാരികൾക്ക് ഉപയോക്തൃ സൗഹൃദങ്ങളായ നിർമ്മിത ബുദ്ധി അധിഷ്ഠിത ബഹുഭാഷാ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുക.<br><br>V ഫ്രീഡം സ്ക്വയറുകൾ: അറിവ് പങ്കിടുന്നതിനും പ്രോജക്ടുകളിൽ സഹകരിക്കുന്നതിനും സംരംഭകാശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സമാന ചിന്താഗതി പുലർത്തുന്നവർക്ക് ഒത്തുചേരാനുമുള്ള ഇടം. ഈ മേഖലകളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പരിസ്ഥിതി സൗഹൃദ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് മുൻഗണന ലഭ്യമാകും വിധം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ടൂറിസം മേഖലയിൽ സ്റ്റാർട്ട് അപ്പുകളെ ഉൾക്കൊള്ളിക്കുമ്പോൾ പദ്ധതികൾ പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നുണ്ട് . പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഘടകങ്ങൾ ഉൾക്കൊള്ളിക്കുവാൻ സ്റ്റാർട്ടപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . സംസ്ഥാനം അംഗീകരിച്ച ഡിസൈൻ നയം അനുസരിച്ച് ടൂറിസം പദ്ധതികൾ പരിസ്ഥിതി സൗഹാർദ്ദ ഘടകങ്ങളോടെ രൂപകൽപ്പന ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ